(സി) 1. ഫിഷറീസ് സ്റ്റേഷൻ നിലവില്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, വിഴിഞ്ഞം, നീണ്ടകര, കാസർഗോഡ് എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുക.

2. കടലിൽ യാനങ്ങൾ എവിടെയാണെന്ന് കണ്ടെത്തുന്നതിനുള്ള ഉപകരണം, ട്രാൻസ്പോണ്ടർ ഘടിപ്പിക്കൽ.

3. എല്ലാ യാനങ്ങൾക്കും സുരക്ഷാ കിറ്റുകൾ നൽകൽ എന്നിവയാണ് അവ.

ഉരുക്കൾക്ക് വ്യാജലൈസൻസ് നേടുന്ന സംഭവങ്ങൾ

215 (1973) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായിരിക്കണമെന്ന നയം പ്രാവർത്തികമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മത്സ്യത്തൊഴിലാളികളുടെ പേരിൽ മറ്റു വിഭാഗത്തിലുള്ളവർ വ്യാജമായി മത്സ്യബന്ധനത്തിനുള്ള ഉരുക്കൾക്ക് ലൈസൻസ് നേടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇത്തരം വ്യാജ ലൈസൻസുകൾ കണ്ടെത്താനും അവ റദ്ദ് ചെയ്യുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ഡി) ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നു എന്നുറപ്പു വരുത്താൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ;

(ഇ) മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നല്ലാതെ തീരമത്സ്യബന്ധനത്തിന് ഉരുക്കൾക്ക് നൽകിയിരുന്ന നിലവിലുള്ള ലൈസൻസുകളുടെ കാലാവധി ഒരു കാരണവശാലും ദീർഘിപ്പിക്കില്ല എന്നുറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തീരക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം മത്സ്യത്തൊഴിലാളി സമൂഹത്തിന് മാത്രമായിരിക്കണമെന്ന നയം പ്രാവർത്തികമാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്നതിനുള്ള 'കേരള അക്വേറിയൻ റിഫോംസ്' എന്ന ബില്ലിന്റെ കരട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) നിലവിൽ കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചാണ് മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യബന്ധനത്തിനായുള്ള ലൈസൻസ് നൽകി വരുന്നത്. പ്രസ്തുത നിയമപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തിക്കൊണ്ട് വ്യവസ്ഥ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) കെ.എം.എഫ്.ആർ. ആക്ട് അനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കെ.എം.എഫ്.ആർ. ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തീരക്കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്.

(ഇ) 'കേരള അക്വേറിയൽ റിഫോംസ്' ബിൽ നിയമമാകുന്നതോടെ നിലവിലുള്ള ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് പ്രത്യേക പദ്ധതികൾ

216 (1974) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് എന്തൊക്കെ പ്രത്യേക പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത് ;

(ബി) ഇതിനായി മത്സ്യഫെഡ് പലിശരഹിത വായ്പ വിതരണത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര തുക വിതരണം നടത്തിയിട്ടുണ്ട് :

(സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ഇത്തരത്തിൽ എന്തു തുക വായ്പ നൽകിയിട്ടുണ്ട് :

(ഡി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി എന്ത് തുക നല്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പലിശരഹിത വായ്പക്ക് പുറമേ മറ്റെന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് മത്സ്യഫെഡ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളായ വനിതകൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. മത്സ്യവിപണനത്തിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ പദ്ധതി
2. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം.
3. സുനാമി അടിയന്തര സഹായ പദ്ധതി (റ്റി.ഇ.എ.പി.) പ്രകാരം ചെറുകിട ഞാറിൽ സംരംഭങ്ങളുടെ വികസനം. വൃത്തിയാക്കിയ പച്ച മത്സ്യ/ഉണക്ക മത്സ്യ വിപണനം യൂണിറ്റ്. ടീപ്പ് ഫേസ് II പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly